# കൈചക്രം - വൈദ്യുതി വേണ്ടാത്ത പുതിയ പമ്പ്



**കാ**റണ്ടുപോക്കിനെ ഭയപ്പെടേണ്ട. വൈദ്യുതിയെത്താത്തയിടങ്ങളിലും സുഖമായി ഉപയോഗിക്കാം. ചെറിയ ചെലവിൽ ഉണ്ടാക്കാം. അധികം ബുദ്ധിമുട്ടില്ലാതെ പ്രയോഗിക്കാം. കൂട്ടത്തിൽ ആരോഗ്യകരമായ വ്യായാമവും. ഇങ്ങനെയൊരു പമ്പു സെറ്റോ?! അത്ഭുതം കൊള്ളേണ്ട, കൈചക്രത്തിന്റെ പ്രത്യേകതകളാണിത്.

പഴയ ചൈനീസ് പമ്പിന്റെ പരിഷ്കൃത രൂപമാണിത്. മൈസൂരിലെ കാർട്ട് എന്ന സ്ഥാപനമാണ് കൈചക്രം പുതിയ രൂപത്തിൽ രൂപകല്പന ചെയ്തിരിക്കുന്നത്. ഉപയോഗം കഴിഞ്ഞ കാർ ടയറിൽ മരവും ഇരുമ്പും കൊണ്ട് നിർമിച്ച കപ്പിയും പി.വി.സി. പൈപ്പും റബർ വാഷറുകൾ ഉറപ്പിച്ച പ്ലാസ്റ്റിക് കയറുമാണ് കൈചക്രത്തിന്റെ മുഖ്യഭാഗങ്ങൾ.ഇത്രയും സാധനങ്ങളുണ്ടെങ്കിൽ ഒരു നാടൻ ആശാരിയുടെ സഹായത്തോടെയോ അല്പം വൈഭവമുണ്ടെങ്കിൽ സ്വയം തന്നെയോ കൈചക്രം ഉണ്ടാക്കാവുന്നതാണ്.

വളരെ ലളിതമായാണ് ഇതിന്റെ പ്രവർത്തനം. കപ്പിയോടു ഘടിപ്പിച്ചിട്ടുള്ള ഹാൻഡിലിൽ പിടിച്ചു തിരിക്കുമ്പോൾ പി.വി.സി. പൈപ്പിനകത്തുകൂടെ തിരിയുന്ന റബർ വാഷറുകളുള്ള കയർ വെള്ളത്തെ മുകളിലേക്ക് തള്ളിക്കൊണ്ടു വരികയാണ് ചെയ്യുന്നത്. ഈ വെള്ളം പ്രധാന പൈപ്പിൽ ഘടിപ്പിച്ചിട്ടുള്ള നിർഗമന കുഴലിലൂടെ പുറത്തേക്കു വരും.

അഞ്ചു മുതൽ അമ്പതടി ആഴത്തിൽ നിന്നും കൈചക്രമുപയോഗിച്ച് വെള്ളം പമ്പു ചെയ്യാൻ കഴിയും. ആഴത്തിന് ആനുപാതികമായി 20 മുതൽ 200 ലിറ്റർ വരെ ഒരു മിനിറ്റിൽ വെള്ളമുയർത്താൻ സാധിക്കും. 1000–1500 രൂപ ചെലവിൽ കൈചക്രം നിർമിക്കാൻ കഴിയും. ഇപ്പോൾ വയനാട്,കണ്ണൂർ, പാലക്കാട്, തൃശൂർ, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ കൈപ്പമ്പ് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്.

കൂടുതൽ അറിയുന്നതിനും ഘടിപ്പിച്ചു കിട്ടുന്നതിനും ബന്ധപ്പെടുക:

1. ഉറവ് - പണിക്കൂട്ടം, തൃക്കൈപ്പറ്റ, കൽപ്പറ്റ (വഴി), വയനാട്.

2. Cart, National Inst. of Engg; Mysore-8

3. സംസ്കൃതി, പരിയാരം, കണ്ണൂർ. ഫോൺ: 0497–800287.

4. ഡോ. ബി. രമേശ്, പുത്തൻവീട്, കാലടി പി.ഒ., എറണാകുളം. ഫോൺ: 0484-462272.

5. ഇൻഫാക്ട്, കിഴതടിയൂർ പി.ഒ., പാല, കോട്ടയം. ഫോൺ: 0482–211997.

6. ഷാജി. സി.സി., ചൂങ്കൻ വീട്, നടുവിൽക്കര പി.ഒ., വാടാനപ്പിള്ളി, തൃശൂർ. ഫോൺ: 0487 – 630 846 (O) 440823 (R)